പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(2011–12)

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2011-2012)**

2011 സെപ്റ്റംബർ മാസം 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th September, 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്റ്റ് കമ്മിറ്റി IX**

**(SUBJECT COMMITTEE IX)**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**

(2011 –12)

**FIRST REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2011-12)**

817/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

(2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്,

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

1. ശ്രീ. കെ. എം. മാണി,
   ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
   വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി
3. ഡോ: എം. കെ. മുനീർ,
   പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

1. ശ്രീ. കെ. അച്ചുതൻ
2. „ സി. മമ്മൂട്ടി
3. „ പി. റ്റി. എ. റഹീം
4. „ വി. ശിവൻകുട്ടി
5. „ പി. ശ്രീരാമകൃഷ്ണൻ
6. „ ഇ. കെ. വിജയൻ
7. „ കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി.

„ വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി.

„ റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി IX (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും) പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ആഗസ്റ്റ് 3,10 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു

ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI—സാമൂഹ്യവികസനം

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2011 ആഗസ്റ്റ് 19-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.
2011 സെപ്റ്റംബർ 26.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XXI

### ഭവനനിർമ്മാണം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 423,82,93,000 രൂപ |
| | | (138,82,93,000 + 285,00,00,000) |
| ചാർജ് ചെയ്തത് | : | ഇല്ല. |

2216-01-106-98—ഭരണവും നടത്തിപ്പും-2059പൊതുമരാമത്ത് എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം

വിഹിതം : 4,11,86,000 രൂപ

1. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടതിന് ആനുപാതികമായി അധിക വിഹിതം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-98—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

17 - ചെറുകിട മരാമത്ത് പണികൾ

വിഹിതം : 2,29,31,000 രൂപ (നോൺ പ്ലാൻ)

2. സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പല ക്വാർട്ടേഴ്സുകളിലും നവീകരണവും ചെറുകിട മരാമത്തുപണികളും ചെയ്യുവാനുണ്ട്. കൂടാതെ കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്. ആയതിന് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ക്വാർട്ടേഴ്സുകളുടെ നവീകരണത്തിനും ചെറുകിട മരാമത്ത് പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾക്കുമായി 350,00,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-97—സംരക്ഷണവും അറ്റകുറ്റപണികളും

വിഹിതം : 15,90,00,000 രൂപ (നോൺ പ്ലാൻ)

3. ഒട്ടേറെ ക്വാർട്ടേഴ്സുകളുടെ സംരക്ഷണപ്പണികൾ ചെയ്യുവാനുണ്ടെന്നും ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതിക്ക് ബോധ്യപ്പെട്ടതിനാൽ സാധാരണ അറ്റകുറ്റപ്പണികൾക്കായി 600 ലക്ഷം രൂപയും പ്രത്യേക അറ്റകുറ്റപ്പണിക്ക് 800 ലക്ഷം രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിന് 100 ലക്ഷം രൂപയും ഉൾപ്പെടെ 1500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-96-2059—പൊതുമരാമത്ത് എന്നതിൽ നിന്ന് യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

വിഹിതം : 28,83,000 രൂപ (നോൺ പ്ലാൻ)

4. യന്ത്രോപകരണങ്ങളും പണിയായുധങ്ങളും വാങ്ങുന്നതിലെ ചെലവിനത്തിലേക്ക് ഉപയോഗിക്കുന്ന ഈ ശീർഷകത്തിൽ മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്നതിന് ആനുപാതികമായി അധിക വിഹിതം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1,40,00,000 രൂപ (നോൺ പ്ലാൻ)

5. കാലാനുസൃതമായ വിലവർദ്ധനവ് കണക്കിലെടുത്ത് 2011-12 വർഷത്തേക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സാധാരണ അറ്റകുറ്റപണികൾക്കായി 100 ലക്ഷം രൂപയും പ്രത്യേക അറ്റകുറ്റപണിക്ക് 100 ലക്ഷം രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ 250 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

6. ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി (സിവിലും ഇലക്ട്രിക്കലും) അനുവദിച്ച തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

05—ഓഫീസ് ചെലവുകൾ

വിഹിതം : 51,000 രൂപ

7. ഹൗസിംഗ് കമ്മീഷണറുടെ ഓഫീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ പദ്ധതികളെക്കുറിച്ച് പഠിക്കുന്നതിനും ഒരു ബി.എസ്.എൻ.എൽ. ഇന്റർനെറ്റ് കണക്ഷൻ എടുത്തിട്ടുണ്ട്. വിവിധ ഡേറ്റകൾ സംഭരിക്കുന്നതിനും മറ്റും ടെലഫോൺ സൗകര്യവും ഉപയോഗിച്ചുവരുന്നു. ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഇത് അത്യന്താപേക്ഷിതമായതിനാലും ഇന്റർനെറ്റ് ഉപയോഗത്തിനുള്ള ചാർജ്ജ് ഈ ശീർഷകത്തിൽ നിന്നും നൽകേണ്ടതിനാലും ഈ സാമ്പത്തികവർഷം ടെലഫോൺ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ.

വിഹിതം : 17,000 രൂപ

8. ഹൗസിംഗ് കമ്മീഷണർ കാര്യാലയത്തിലെ അംബാസിഡർ കാറിന്റെ അറ്റകുറ്റപ്പണികൾക്കും ഡീസൽ/ഓയിൽ ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

വിഹിതം : 55,000 രൂപ

9. കാലപ്പഴക്കമുള്ളതും ബലക്കുറവുമുള്ള ഓഫീസ് ഫർണിച്ചറുകൾ മാറ്റി സ്ഥാപിക്കുന്നതിനും ഓഫീസിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനും ആധുനികവൽക്കരണത്തിനുമായി അനുവദിച്ച തുക തീരെ അപര്യാപ്തമായതിനാൽ 1,45,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

വിഹിതം : 5,74,00,000 രൂപ (പ്ലാൻ)

10. കലവറ ഔട്ട്ലെറ്റുകളിൽ പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനും കെട്ടിട സാമഗ്രികൾ വാങ്ങുന്നതിനും കൂടിയായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

വിഹിതം : 2,05,00,000 രൂപ (പ്ലാൻ)

11. തിരുവല്ലത്ത് അക്കാഡമിക് ക്യാമ്പസ് സ്ഥാപിക്കുന്നതിനും ക്ലാസ്സ് മുറികൾ, ലബോറട്ടറികൾ എന്നിവ സ്ഥാപിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

01—സഹായധനം

വിഹിതം : 51,18,000 രൂപ (നോൺ പ്ലാൻ)

12. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നതിന് ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 48.82 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

02—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വിഹിതം : 18,00,000 രൂപ (നോൺ പ്ലാൻ)

13. 2011-12 സാമ്പത്തിക വർഷത്തിൽ 50 പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണ സബ്സിഡി നൽകുന്നതിനായി 7 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

06—പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാ അംഗങ്ങൾക്കുമുള്ള ഭവന പദ്ധതി

വിഹിതം : 24,00,000 രൂപ (നോൺ പ്ലാൻ)

14. പുതിയ നിയമസഭ നിലവിൽവന്ന സാഹചര്യത്തിൽ കൂടുതൽ എം.എൽ.എ.മാർക്ക് ഭവനവായ്പ നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിനായി 226 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

35—ലക്ഷം വീട് ബമ്പർ ലോട്ടറി-തനത് വരുമാനം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

15. ലക്ഷം വീട് ബമ്പർ ലോട്ടറിയിലൂടെ ലഭിച്ച 6 കോടിരൂപ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടില്ലാത്തതിനാൽ ആ തുക ലക്ഷം വീട് പദ്ധതിക്കായി വിനിയോഗിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2216-80-800-87—പ്രവാസി ഭവനപദ്ധതി

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

16. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകകൊണ്ട് ബോർഡിന്റെ ഉടമസ്ഥതയിൽ തൃശൂർ മുളങ്കുന്നത്തുകാവിലുള്ള ഭൂമിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി മാത്രമേ മതിയാകുകയുള്ളൂ. സർക്കാർ അംഗീകാരം ലഭിച്ച കോഴിക്കോട് ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി കൂടുതൽ തുക വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോഴിക്കോട് പ്രവാസി ഭവനപദ്ധതി നടപ്പിലാക്കുവാൻ 100 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106- 99—ഭരണവും നടത്തിപ്പും-2059 പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

17. 2011-12 വർഷത്തേക്ക് 4210-01-106-98, 4210-01-106-96, 4210-01-106-94 എന്നീ ശീർഷകങ്ങളിൽ ഗവൺമെന്റ് സെർവെന്റ്സ് ക്വാർട്ടേഴ്സ്, ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ, സീനിയർ ഓഫീസർമാരുടെ പാർപ്പിട സൗകര്യം എന്നിവയ്ക്കായി 20 % എസ്റ്റാബ്ലിഷ്മെന്റ് വിഹിതം നൽകുന്നതിന് 259.2 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ് (16) വൻകിട മരാമത്ത് പണികൾ

വിഹിതം : 1,40,00,000 രൂപ

18. ഈ ശീർഷകത്തിൽ (02) ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് 140 ലക്ഷം രൂപ (പ്ലാൻ), (05) നിലവിൽ ഉള്ള സർക്കാർ കെട്ടിടങ്ങളിൽ വനിതകൾക്ക് മതിയായ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തൽ 116 ലക്ഷം (പ്ലാൻ), (06) ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റലിന് 240 ലക്ഷം രൂപ (പ്ലാൻ) എന്നിവ അനുവദിച്ചിട്ടുണ്ട്. എൻ.ജി.ഒ. ക്വാർട്ടേഴ്സ്, പൊതുമരാമത്ത് ജീവനക്കാരുടെ ക്വാർട്ടേഴ്സ്, പാലക്കാട്-ഹരിനഗർ എൻ.ജി.ഒ. ക്വാർട്ടേഴ്സ്, കണ്ണൂർ ഗവൺമെന്റ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കൂടാതെ വിവിധ ജില്ലകളിൽ പുതുതായി പല പണികളും ഏറ്റെടുക്കാനുമുള്ളതുകൊണ്ട് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

03—ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ (16) വൻകിട മരാമത്ത് പണികൾ

വിഹിതം : ഇല്ല.

19. എറണാകുളം തൃക്കാക്കരയിൽ പണി പൂർത്തിയായ വർക്കിംഗ് വുമൺസ് ഹോസ്റ്റലിൽ ഫർണീച്ചർ ലഭ്യമാക്കുന്നതിലേക്കായി 100 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി (16) വൻകിട മരാമത്ത് പണികൾ

വിഹിതം : ഇല്ല.

20. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, ജില്ലാ കളക്ടർമാർ, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, സീനിയർ ഉദ്യോഗസ്ഥർ എന്നിവർക്ക് ക്വാർട്ടേഴ്സ് പണിയുന്ന ജോലി പുതുതായി ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അതിനെല്ലാംകൂടി ഈ ശീർഷകത്തിലുള്ള തുക മതിയാകുകയില്ല. ആയതിനാൽ നടന്നുകൊണ്ടിരിക്കുന്ന പണി പൂർത്തിയാക്കാനും പുതിയവ ഏറ്റെടുക്കാനും 300 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

വിഹിതം : ഇല്ല.

21. ഈ ശീർഷകത്തിൽ 4216-01-106-98 (496 ലക്ഷം), 4216-01-106-96 (400 ലക്ഷം), 4216-01-106-94 (400 ലക്ഷം) എന്നീ ശീർഷകങ്ങളിലെ തുകയ്ക്ക് (1296 ലക്ഷം രൂപ) ആനുപാതികമായുള്ള (1.4%) തുക നൽകേണ്ടതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 18.14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

22. 2011-12 വർഷത്തിൽ കോഴിക്കോട്ടും തൃശൂർ കുട്ടനെല്ലൂരിൽ രണ്ടാം ഘട്ടമായും ഫ്ളാറ്റു നിർമ്മാണ പ്രവർത്തനം നടത്തുന്നതിലേക്കായി കോഴിക്കോട് നിർമ്മാണ പ്രവർത്തനത്തിനായി സ്ഥലം വാങ്ങുന്നതിന് 100 ലക്ഷം രൂപയും മറ്റു നിർമ്മാണത്തിനായി 450 ലക്ഷം രൂപയും ഉൾപ്പെടെ 550 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ ഇതിലേക്കായി വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ കൂടാതെ ബാക്കി വരുന്ന 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-106-95—ദേവികുളത്ത് സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള ഭവന പദ്ധതി

വിഹിതം : ഇല്ല.

23. 2010-11 സാമ്പത്തിക വർഷം ഭരണാനുമതി ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച ദേവികുളം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. പ്രാരംഭ പ്രവർത്തനം ആരംഭിച്ച പദ്ധതിയെന്ന നിലയിൽ ഇതിന്റെ നടത്തിപ്പിലേക്കായി പാലക്കാട്, കാസർകോട് ജില്ലകളിൽ യൂണിറ്റ് നിർമ്മാണത്തിനായി 4216-01-106-94 എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപയിൽ നിന്നും 200 ലക്ഷം രൂപ ദേവികുളം പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-01-700-93—ജുഡീഷ്യൽ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

24. ജുഡീഷ്യൽ ഓഫീസർമാർക്ക് സൗജന്യ താമസ സൗകര്യം ഒരുക്കാനായി ഭൂമി അക്വയർ ചെയ്ത് കൂടുതൽ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായുള്ളതിനാൽ ഇതിൽ ലഭ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4216-80-195-99

05—പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ-ഓഹരി മൂലധനം, അംശദാനം

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

25. സർക്കാരിൽ നിന്നും ഒരു സംഘത്തിനു ലഭിക്കാവുന്ന ഓഹരി മൂലധനത്തിന്റെ പരിധി സംഘം അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധന തുകയുടെ നാലിരട്ടിയോ അതോ പരമാവധി 10 ലക്ഷം രൂപയോ ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപയ്ക്കു പുറമേ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6216-80-190-98—പാർപ്പിടാവകാശ പദ്ധതി - ഭവന രഹിതരായ ആളുകൾക്ക് കെ.എസ്.എഫ്.ഇ.യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഭവന പദ്ധതി-വായ്പയും പലിശയും

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

26. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി സാഫല്യം എന്ന പേരിൽ ആരംഭിക്കുന്ന ഭവന വായ്പാപദ്ധതിയുടെ ആദ്യഘട്ടമായി 10,000 വീടുകൾ നിർമ്മിക്കുന്നതിലേക്കായി വകയിരുത്തിയ 1 കോടി രൂപയ്ക്ക് പുറമേ പ്രസ്തുത ആവശ്യത്തിനായി 9 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ.

വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

2,13,00,000 രൂപ (നോൺ പ്ലാൻ)

27. ബഡ്ജറ്റിൽ വകയിരുത്തിയ തുക പദ്ധതി ഇനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഇനങ്ങളിലെ ഫണ്ട് റഗുലറൈസേഷനും തീരെ അപര്യാപ്തമായതിനാൽ പ്ലാൻ ഇനത്തിൽ 150 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 2532.21 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ബജറ്റ് വിഹിതം ഉപയോഗിച്ച് ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പോലീസ് വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് സ്വന്തമായി യാതൊരുവിധ ആസ്തികളും സ്ഥാപിക്കുന്നില്ല. കൂടാതെ ഈ കോർപ്പറേഷന്റെ ദൈനംദിന ചെലവും ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള എല്ലാ ചെലവുകളും കോർപ്പറേഷൻ സ്വരൂപിക്കുന്ന ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നതും. ഇപ്രകാരം പോലീസ് വകുപ്പിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്തുകൊടുക്കുന്നതിന് കോർപ്പറേഷൻ മുതലും പലിശയും ഗഡുക്കളായി തിരികെ ഒടുക്കണമെന്നുള്ള ഉത്തരവ് കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. ഈ സാഹചര്യത്തിൽ കോർപ്പറേഷൻ ലോൺ ശീർഷകത്തിൽ വകയിരുത്തുന്ന തുക ശീർഷകം മാറ്റി ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത ഡിമാന്റുകൾ

6216-80-201-99 (06)

1. മാർക്കറ്റ് ബോറോയിംഗ് (ഭവന നിർമ്മാണ ബോർഡ്)

29. പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡിന് പ്രവർത്തന മൂലധനം ആവശ്യമായതിനാൽ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ 1000 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. ബോർഡിന്റെ Unmet Deficit-നികത്താനുള്ള സർക്കാർ സഹായം

30. മൈത്രി ഭവന പദ്ധതി നടപ്പിലാക്കുന്നതിന് വായ്പ സ്വരൂപിച്ചതുവഴി ബോർഡിന് അധിക സാമ്പത്തികബാധ്യത ഉണ്ടായിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച സബ്സിഡി തുക കാലാകാലങ്ങളിൽ ലഭിക്കാതിരിക്കുന്നതുമൂലം ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സ്വരൂപിച്ച വായ്പാധനം മൈത്രി ഭവന പദ്ധതിയുടെ സബ്സിഡി നൽകുന്നതിന് ബോർഡ് ഉപയോഗിക്കുകയുണ്ടായി. ബോർഡിന്റെ വരുമാനവും ബാദ്ധ്യതയും തമ്മിലുള്ള അന്തരം നികത്താമെന്ന് സർക്കാർ ഉറപ്പു നൽകിയ ഉത്തരവിൻ പ്രകാരം 2006–07 മുതൽ 2011–12 വരെയുള്ള വർഷങ്ങളിലേക്ക് ആകെ 85100 ലക്ഷം രൂപ വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള Annuity Deposit മടക്കി നൽകുന്നതിനുള്ള സർക്കാർ വിഹിതം.

31. ബോർഡ് നടപ്പിലാക്കിയ മൈത്രി ഭവനപദ്ധതിയിൻ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ Annuity Deposit Scheme പ്രകാരം നിക്ഷേപിച്ച തുക മടക്കി നൽകുന്നതിനായി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 2185 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. കൽപ്പറ്റ ഹൗസിംഗ് സ്കീമിൽ ബോർഡിന് സർക്കാരിൽനിന്നും ലഭിക്കേണ്ട തുക.

32. 1985-ൽ കൽപ്പറ്റ മുണ്ടേരിയിലെ റന്റൽ ഹൗസിംഗ് സ്കീമിലുള്ള 43 വീടുകളും 3 പ്ലോട്ടുകളും സർക്കാർ വിലയ്ക്കെടുത്ത വകയിൽ പലിശ ഉൾപ്പെടെ 176.76 ലക്ഷം രൂപ സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ട്രെയിനിംഗ് പ്ലാൻ

33. ബോർഡിലെ ജീവനക്കാർക്ക് ആവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും എഞ്ചിനീയർമാർക്ക് അനുദിനം മാറിവരുന്ന സാങ്കേതിക വിദ്യകളിൽ പരിജ്ഞാനം നൽകുന്നതിലേക്കുമായി 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-103-99 (09)—മൈത്രി ഭവനപദ്ധതി

34. മൈത്രി ഭവനപദ്ധതിയുടെ പലിശ സബ്സിഡിയായി 16485.13 ലക്ഷം രൂപയും ബോർഡിന്റെ വായ്പ സർക്കാർ എഴുതിത്തള്ളിയ ഇനത്തിൽ 16375.85 ലക്ഷം രൂപ ഉൾപ്പെടെ 32860.98 ലക്ഷം രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-03-104-99 (01)—സർക്കാർ ജീവനക്കാർ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡിക്കായുള്ള ധനസഹായം.

35. സർക്കാർ ഉദ്യോഗസ്ഥന്മാർ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പയുടെ മുതൽ, പലിശ സഹിതം കുടിശ്ശിക വരുത്താതെ അടയ്ക്കുകയാണെങ്കിൽ സർക്കാരിൽ നിന്നും 3% വരെ പലിശ സബ്സിഡി നൽകുന്ന ഈ പദ്ധതി പ്രകാരം 1992-93 മുതൽ 2010-11 വരെ പലിശ സബ്സിഡി ഇനത്തിൽ കുടിശ്ശിക തുകയായ 4,69,89,210 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2216-80-190-99(നോൺ പ്ലാൻ)—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് അക്യുമിലേറ്റഡ് നഷ്ടവും ബാലൻസ് സബ്സിഡിയും പരിഹരിക്കുന്നതിനുള്ള ധനസഹായം

36. പ്രസ്തുത ധനസഹായ പ്രകാരം 52.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തുടർന്നുള്ള ബഡ്ജറ്റിൽ 1000 രൂപ ടോക്കൺ പ്രോവിഷൻമാത്രമാണ് അനുവദിച്ചത്. ഇത് അപര്യാപ്തമായതിനാൽ 52.65 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8216-80-195-99(04)—സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിനുള്ള വായ്പാ ധനസഹായം.

37. ഈ പദ്ധതി പ്രകാരം സംഘം ചെലവാക്കേണ്ട തുകയുടെ 80%, പരമാവധി 100 ലക്ഷം രൂപ എന്നതിനു വിധേയമായി സർക്കാരിൽ നിന്നും വായ്പ നൽകാൻ വ്യവസ്ഥ ചെയ്തതിൻ പ്രകാരം 1996-97 വരെ 70.40 ലക്ഷം രൂപ, അതിനു ശേഷം 2001-02-ൽ 10 ലക്ഷം രൂപ എന്നിങ്ങനെ വായ്പ നൽകിയിട്ടുണ്ട്. അതിനുശേഷമുള്ള വർഷങ്ങളിൽ തുകയൊന്നും വക കൊള്ളിച്ചില്ല. 2011-12-ൽ ന്യായമായ തുക വകക്കൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXII

## നഗര വികസനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 685,52,18,000 രൂപ<br>(655,04,15,000 + 30,48,03,000) |
| ചാർജ്ജ് ചെയ്തത് | : | ഇല്ല. |

2217-01-800-99—തലസ്ഥാന നഗര വികസനപദ്ധതി

34—മറ്റു ചെലവുകൾ

വിഹിതം : 10,13,20,000 രൂപ (പ്ലാൻ)

38. തിരുവനന്തപുരം നഗരത്തിലെ 12 പ്രധാനപ്പെട്ട റോഡുകൾ വികസിപ്പിക്കുന്നതിനായി ട്രിഡവഴി ഏറ്റെടുത്ത സ്ഥലത്തിന് നിലവിലുള്ള LAR Cases കൾ കോടതിവിധി പ്രകാരം തീർപ്പാക്കി നൽകുന്നതിലേക്ക് 1000 ലക്ഷം രൂപയും, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ളപദ്ധതി പണിചെയ്ത കോൺട്രാക്ടർ കേരള ഹൈക്കോടതിയിൽ ആർബിട്രേഷൻ റിക്വസ്റ്റ് ഫയൽ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത റിക്വസ്റ്റ് തീർപ്പാക്കുന്നതനുസരിച്ച് പ്രസ്തുത കോൺട്രാക്ടർക്ക് അവാർഡ് തുക നൽകുന്നതിലേക്ക് 1056 ലക്ഷം രൂപയും തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷൻ കാലടി പ്രദേശത്ത് ആധുനിക സ്വീവറേജ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ട്രിഡയ്ക്ക് നൽകുന്നതിലേക്ക് 90.00 ലക്ഷം രൂപയും, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കുന്നതിലേക്ക് സ്ഥലം ഏറ്റെടുത്ത വകയിലും അതിന്മേലുള്ള കേസുകൾ തീർപ്പാക്കുന്നതിലേക്കുമായി കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്നതിന് 104.07 ലക്ഷം രൂപ ഉൾപ്പെടെ 2250.07 ലക്ഷം രൂപ പദ്ധതികളുടെ നടത്തിപ്പിലേക്ക് ഈ സാമ്പത്തിക വർഷം ആവശ്യമായതിനാൽ 2217-01-800-99-34 മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1013.20 ലക്ഷം രൂപ കൂടാതെ 1236.87 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-03-051-99-35—വൈറ്റില മൊബിലിറ്റി ഹബ്-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം : 5 കോടി (പ്ലാൻ)

39. കൊച്ചിയുടെ രൂക്ഷമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഈ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തികരിക്കുന്നതിലേക്കായി മേൽപ്പറഞ്ഞ ശീർഷകത്തിൽ 40 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ കാര്യാലയം

05-4—മറ്റിനങ്ങൾ

വിഹിതം : 1,16,000 രൂപ

40. കമ്പ്യൂട്ടർ, അനുബന്ധ സാമഗ്രികൾ എന്നിവയുടെ അറ്റകുറ്റപണികൾക്കായി ഒരു ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 16,000 രൂപ

41. വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ഇനത്തിൽ അധികമായി 20,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

04—യാത്രാ ചെലവ്

വിഹിതം : 6,16,000 രൂപ

42. 2004-ലെ ശമ്പള പരിഷ്കരണ ഉത്തരവിൻ പ്രകാരം വകുപ്പിലെ സർവ്വേയർമാർക്കും മറ്റു ഫീൽഡുസ്റ്റാഫിനും പി.റ്റി.എ/പി.സി.എ എന്നിവയ്ക്ക് പകരം റഗുലർ റ്റി.എ അനുവദിച്ചിരിക്കുന്നതിനാൽ യാത്രാബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 6,63,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-2—വൈദ്യുതി ചാർജ്ജ്

വിഹിതം : 3,31,000 രൂപ

43. എല്ലാ ജില്ലാ കാര്യാലയങ്ങളിലും കമ്പ്യൂട്ടറും മറ്റു ആധുനിക ഉപകരണങ്ങളും ഉപയോഗിക്കുന്നതിനാൽ കറണ്ട് ചാർജ്ജ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 1,69,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-3—ടെലഫോൺ ചാർജ്ജ്

വിഹിതം : 2,05,000 രൂപ

44. എല്ലാ ജില്ലാ കാര്യാലയങ്ങളിലും ഇന്റർനെറ്റ് സൗകര്യവും മറ്റും ഉള്ളതിനാൽ ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 1,15,000 രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 1,42,000 രൂപ

45. മിക്ക ഓഫീസുകളിലും 1999-ൽ വാങ്ങിയ വാഹനങ്ങളാണ് ഉള്ളത്. ഇവയുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2,08,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം : 2,20,000 രൂപ

46. ജില്ലയിലുടനീളം വിവിധ ആവശ്യങ്ങൾക്കായി സഞ്ചരിക്കേണ്ടതിനാൽ ഫ്യുവൽ ചാർജ്ജിനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1,80,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-001-99—(പദ്ധതിയേതരം) നഗരകാര്യ ഡയറക്ടറാഫീസ്

വിഹിതം : 228. 60 ലക്ഷം രൂപ.

47. ശമ്പളം-ക്ഷാമബത്ത അധിക ചെലവ് ഇനത്തിൽ 33 ലക്ഷം രൂപയും മെഡിക്കൽ റീംഇമ്പേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും, ദിവസകൂലി നിരക്ക് ശമ്പളം/ഡി.എ വർദ്ധന എന്നിവമൂലം അധിക ചെലവായി 3.01 ലക്ഷം രൂപയും, പെൻഷൻ, പി. എഫ്. ആഫീസുകൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടം, മെയിൻ ഓഫീസ് എന്നിവയിലെ വൈദ്യുത ചാർജ്ജ് വർദ്ധനയുടെ അടിസ്ഥാനത്തിൽ 4 ലക്ഷം രൂപയും, ടെലഫോൺ ചാർജ്ജ് വകയിൽ 2.42 ലക്ഷം രൂപയും, കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, യു. പി. എസ്. മെയിന്റനൻസ് കോൺട്രാക്ട്, റിപ്പയർ ചെലവുകൾ, തപാൽ എന്നിവയുടെ ചെലവ് വർദ്ധനയിനത്തിൽ 3.99 ലക്ഷം രൂപയും കെട്ടിടങ്ങളുടെ വാടക വർദ്ധനവിനത്തിൽ 0.12 ലക്ഷം രൂപയും, വാഹന റിപ്പയർ ഇനത്തിൽ അധിക ചെലവായി 0.77 ലക്ഷം രൂപയും, ഡീസൽ, പെട്രോൾ വിലവർദ്ധന കാരണം 1.60 ലക്ഷം രൂപയും ചേർത്ത് ആകെ 53.91 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-001-98—നഗരകാര്യ മേഖലാ ഓഫീസുകൾ

വിഹിതം : 139.52 ലക്ഷം രൂപ.

48. ശമ്പള പരിഷ്കരണ അധിക ചെലവായി 41 ലക്ഷം രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക ചെലവായി 1.29 ലക്ഷം രൂപയും, വേതനം ഇനത്തിൽ അധിക ചെലവായി 2.87 ലക്ഷം രൂപയും, യാത്രബത്ത അധിക ചെലവായി 1.34 ലക്ഷം രൂപയും, ടെലിഫോൺ ചാർജ്ജ് അധിക ചെലവായി 1.50 ലക്ഷം രൂപയും. മറ്റിനങ്ങളിലായി 1.29 ലക്ഷം രൂപയും, വാടക അധിക ചെലവായി ഒരു ലക്ഷം രൂപയും, ഡീസൽ, പെട്രോൾ വില വർദ്ധനയിലൂടെ അധിക ചെലവായി 1.09 ലക്ഷം രൂപയും ചേർത്ത് ആകെ 51.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-001-97—കോർപ്പറേഷൻ മുൻസിപ്പൽ സെക്രട്ടറിമാർ

വിഹിതം : 399.16 ലക്ഷം രൂപ

49. ശമ്പള പരിഷ്കരണ/ക്ഷാമബത്ത കുടിശ്ശിക ഇനങ്ങളിൽ അധിക ചെലവായി 150 ലക്ഷം രൂപയും, മെഡിക്കൽ റീഇംബേഴ്സ്മെന്റ് അധിക ചെലവായി 4 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-800-91—(പ്ലാൻ)-കേരള സുസ്ഥിര നഗര വികസനപദ്ധതി

വിഹിതം : 10500 ലക്ഷം രൂപ.

നഗരങ്ങളിലെ ശുദ്ധജല വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം, സ്വീവറേജ്, റോഡുകളുടെ വികസനം തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ചെയ്യപ്പെടാൻ നിർദ്ദേശിക്കുന്നത്. നഗര പ്രദേശങ്ങളുടെ സുസ്ഥിരവും സമ്പൂർണ്ണവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

50. കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്മെന്റ് ഫണ്ടും കെ.എസ്.യു.ഡി.പി.-യുടെ പ്രധാന പദ്ധതിയായ സ്വിവറേജ് ആന്റ് സാനിട്ടേഷൻ പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷം തുടങ്ങേണ്ടതായിട്ടുള്ളതിനാൽ പദ്ധതി വിഹിതം തീരെ പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിലെ വിഹിതം 15,000.00 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-800-73— നഗരസഭകളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റ്

വിഹിതം : 1000 രൂപ

നഗരപ്രദേശങ്ങളിലെ നിലവിലുള്ള ഖരമാലിന്യ പരിപാലന സംവിധാനം സ്ഥാപിക്കലും പുനരുദ്ധീകരണവും.

51. ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നുതന്നെ തരംതിരിച്ച് സംസ്ക്കരിക്കുന്നതിനും, അവ ശേഖരിക്കുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും, പൊതു സംസ്കരണ സംവിധാനം ഉണ്ടാക്കി അവിടെ സംസ്ക്കരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നത്. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 5 കോർപ്പറേഷനുകൾക്ക് 5 കോടി രൂപ വീതം ആകെ 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നഗരസഭകളിലെ മാലിന്യ നിക്ഷേപസ്ഥലത്തിന്റെ പുനരുദ്ധീകരണവും സാനിറ്ററി ലാന്റ് ഫീൽ സംവിധാനത്തിന്റെ നിർമ്മാണവും

52. വർഷങ്ങളായി ഖരമാലിന്യങ്ങൾ നിക്ഷേപിച്ചിരിക്കുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മാലിന്യകൂമ്പാരം പരിസ്ഥിതിക്കു ഭംഗംവരാത്ത തരത്തിൽ അവിടെത്തന്നെ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് പരിഹാരം കാണുന്നതിനും ചട്ടപ്രകാരം സംവിധാനം ഏർപ്പെടുത്താനും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സാനിറ്ററി ലാന്റ് ഫീൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി 20 നഗരസഭകൾക്ക് പദ്ധതി വിഹിതത്തിന്റെ 75% അല്ലെങ്കിൽ പരമാവധി 30 ലക്ഷം രൂപ നൽകുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജില്ലാ തലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ

53. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള സെപ്ടിക് ടാങ്കുകളിൽ നിന്നും നീക്കം ചെയ്യുന്ന ഖര-ദ്രവ മാലിന്യങ്ങൾ ജലാശയങ്ങളിൽ പുറന്തള്ളാതെ ശാസ്ത്രീയമായി സംസ്ക്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ ജില്ലകളിലും ഒരുക്കേണ്ടതുണ്ട്. മാതൃകയായി ഒരു ജില്ലയിൽ 100% സാമ്പത്തിക സഹായം നൽകി 200 ലക്ഷം രൂപ മതിപ്പ് ചെലവോടുകൂടി ഒരു മോഡൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2217-80-800-72—20 മുൻസിപ്പാലിറ്റികളിലെ നഗരശുചീകരണ പ്രവർത്തനം.

54. 100% കേന്ദ്ര സഹായമുള്ള സിറ്റി സാനിറ്റേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 2011-12 ബഡ്ജറ്റിൽ 2217—Urban Development 80—General 800—Other Expenditure 72 എന്ന ഹെഡിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 120 ലക്ഷം രൂപ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത തുക മാറിയെടുക്കുന്നതിനാണ് ഈ ശീർഷകം. ബാക്കിയുള്ള 80 ലക്ഷം രൂപ ഈ വർഷം തന്നെ ലഭിക്കുമെന്നതിനാൽ 80 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന—XXXV

## പഞ്ചായത്ത്

| | | |
|---|---|---|
| വോട്ടു ചെയ്തത് | : | 211,74,97,000 രൂപ |
| | | (2,04,74,95,000 + 7,00,02,000) |
| ചാർജ്ജ് ചെയ്തത് | : | ഇല്ല |

2515-00-001-99— ഭരണവും നടത്തിപ്പും-മേൽനോട്ടം

02—വേതനം

വിഹിതം : 3,12,000 രൂപ

55. പഞ്ചായത്ത് ഡയറക്ടറേറ്റിലെ സ്വീപ്പർമാരുടേയും കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും വേതനമാണ് ഈ ശീർഷകത്തിൽ നിന്നും നൽകുന്നത്. ശമ്പള പരിഷ്കരണ ഉത്തരവിലൂടെയുള്ള വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 1000 രൂപ

56. കൺസൾട്ടേറ്റീവ് കമ്മിറ്റി കെട്ടിടത്തിന്റെ വാടകയിനത്തിലും പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് കെട്ടിടത്തിന്റെ വാടകയിനത്തിലും തിരുവനന്തപുരം നഗരസഭയ്ക്ക് കൊടുക്കുവാനുള്ള കുടിശ്ശിക ഉൾപ്പെടെ 6,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 69,000 രൂപ

57. മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിഹിതം 2,00,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം : 1,12,000 രൂപ

58. 5 സംസ്ഥാനതല ടൂറിംഗ് ഓഫീസർമാർ സേവനമനുഷ്ഠിക്കുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിന് ടി വിഹിതം അപര്യാപ്തമാണ്. ഇന്ധനവില വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ 1,88,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-001-97— ജില്ലാഭരണം

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 8,52,000 രൂപ

59. മെഡിക്കൽ റീ- ഇംബേഴ്സ്മെന്റ് ഇനത്തിൽ നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,48,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

04—യാത്രാ ചെലവുകൾ

1—യാത്രാബത്ത

വിഹിതം : 28,08,000 രൂപ

60. വിവിധ ജില്ലകളിൽ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക കൊടുക്കുന്നതിന് 21,92,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

വിഹിതം : 2,10,000

61. ഒരു ജില്ലയ്ക്ക് പ്രതിവർഷം ഏറ്റവും കുറഞ്ഞത് 25,000 രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്കായി 3,50,000 രൂപ ചെലവാകും എന്നതിനാൽ 1,40,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം : 4,46,000 രൂപ

62. ഇടുക്കി, വയനാട് തുടങ്ങിയ മലയോര ജില്ലകൾക്കും പാലക്കാട്, മലപ്പുറം തുടങ്ങിയ വിസ്തൃതി കൂടിയ ജില്ലകൾക്കും ഇന്ധനത്തിന് കൂടുതൽ തുക അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശികകൾ തീർക്കുന്നതിനുമായി ഒരു ജില്ലയ്ക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ഈ ഇനത്തിൽ വകയിരുത്തേണ്ടതാണ്. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 9,54,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സഹായധനം

വിഹിതം : 6,04,99,000 രൂപ (പ്ലാൻ)

12,33,000 രൂപ (നോൺ പ്ലാൻ)

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഗവേഷണങ്ങളും പരിശീലനങ്ങളും കൺസൾട്ടൻസിയും ലക്ഷ്യമാക്കി 1990-ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കില. ഈ സ്ഥാപനം തദ്ദേശഭരണ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നടപ്പിൽ വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിൽ കിലയുടെ പങ്ക് ഇതിനോടകംതന്നെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. സൗത്ത് ഏഷ്യൻ രാജ്യങ്ങൾക്കായുള്ള സെന്റർ ഓഫ് എക്സലൻസ് ആയും കിലയെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മാത്രമല്ല സാമൂഹ്യപ്രവർത്തകർക്കും മാധ്യമപ്രവർത്തകർക്കുമടക്കം എല്ലാ തലത്തിലുള്ളവർക്കുമായി വിവിധങ്ങളായ പരിശീലന പ്രവർത്തനങ്ങൾ കില നടത്തി വരുന്നു. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള പരിശീലനം, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം, പഞ്ചായത്ത് ഓഫീസ് മാനേജ്മെന്റ് പരിശീലനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിശീലനം, വനിതാ പ്രതിനിധികളുടെ നേതൃശേഷി വികസന പരിശീലനം, പട്ടികജാതി സങ്കേതങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരശേഖരണത്തിനുള്ള പരിശീലനം, മാധ്യമ പ്രവർത്തകർ, സന്നദ്ധസംഘടനാ ഭാരവാഹികൾ എന്നിവർക്കുള്ള പരിശീലനം

തുടങ്ങി വിവിധ ജില്ലാതല പരിശീലനങ്ങൾ ഉൾപ്പെടെ 55623 പേർക്കായി 131500 പരിശീലന ദിനങ്ങൾ സാദ്ധ്യമാക്കുവാൻ കിലയ്ക്ക് കഴിഞ്ഞതായി സമിതിക്ക് അറിയുവാൻ കഴിഞ്ഞു. തുടർന്നും ഇത്തരം പരിശീലന പരിപാടികൾ ഏറ്റെടുത്ത് നടത്തുവാൻ കില ലക്ഷ്യമിടുന്നു.

63. കിലയുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും അക്കാദമിക് തലത്തിൽ അംഗീകാരം നേടിയെടുക്കുന്നതിനുമായി കിലയെ കൽപ്പിത സർവ്വകലാശാലയായി ഉയർത്തേണ്ടത് അനിവാര്യമാണ്. ആയതിനാൽ കിലയെ ഒരു കല്പിത സർവ്വകലാശാലയാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകണമെന്നും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

64. കണ്ണൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ കിലയുടെ മേഖലാ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലമെടുപ്പിന് 1 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സർട്ടിഫിക്കറ്റ് കോഴ്സ് ചെലവിനായി 15 ലക്ഷം രൂപയും കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-101—പഞ്ചായത്ത് രാജ്

98—പഞ്ചായത്ത് രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

വിഹിതം : 11,05,000 രൂപ

65. പഞ്ചായത്ത് രാജ് മാസികയുടെ ഘടനയിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായി (മൾട്ടികളർ പ്രിന്റിംഗ്) ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-101-95—മറ്റ് സ്ഥാപനങ്ങൾക്കുള്ള ധനസഹായം-സഹായധനം

വിഹിതം : 1000 രൂപ

66. അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്തിന് സഹായധനം നൽകുന്നതിനായി ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-13—കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ സേവന പ്രദാന പദ്ധതിപ്രകാരമുള്ള പ്രോജക്ട് മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗും (കെ.എൽ.ജി.എസ്.ഡി.പി) ലോകബാങ്ക് സഹായം

വിഹിതം : 1000 രൂപ (പ്ലാൻ)

67. 2011-12 സാമ്പത്തിക വർഷത്തേക്ക് 2100 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 രൂപ മാത്രമാണ് വകകൊള്ളിച്ചത്. എന്നാൽ Additional Authorisation ആയി 250.00 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായതിനാൽ ബാക്കി 1850.00 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-88—സംസ്ഥാന ജില്ലാതലങ്ങളിൽ ഏറ്റവും നല്ല പഞ്ചായത്തുകൾക്കുള്ള അവാർഡുകൾ

വിഹിതം : 1000 രൂപ

68. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തിന് സ്വരാജ് ട്രോഫിയും പ്രത്യേക പദ്ധതി സഹായധനവും പ്രോത്സാഹന ധനസഹായവും നൽകുന്നതിന് സംസ്ഥാന തലത്തിൽ മികച്ച ഗ്രാമപഞ്ചായത്തിന് 5,00,000 രൂപയും ജില്ലാതലത്തിൽ 1,00,000 രൂപയും നൽകുന്നതിന് ബഡ്ജറ്റിൽ 19,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-87— തദ്ദേശ ഗവൺമെന്റുകൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ

01—ശമ്പളം

വിഹിതം : 78,61,000 രൂപ

69. പുതുക്കിയ ശമ്പള സ്കെയിൽ നിലവിൽ വന്ന സാഹചര്യത്തിൽ ടി ശീർഷകത്തിൽ അധികമായി തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05—ഓഫീസ് ചെലവുകൾ

വിഹിതം : 6,85,000 രൂപ

70. ഓംബുഡ്സ്മാൻ ഓഫീസിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളുടെ ബാഹുല്യം നിമിത്തം പോസ്റ്റേജ് സ്റ്റാമ്പിനും ഫോട്ടോകോപ്പി പേപ്പറിനും കൂടുതൽ തുക ആവശ്യമായി വരുന്നതിനാൽ 1 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

06—വാടക, കരം, നികുതി

വിഹിതം : 1,50,000 രൂപ

71. ട്രിഡയുടെ സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഓംബുഡ്സ്മാൻ ഓഫീസിന്റെ വാർഷിക ചെലവുകൾക്കും വാടക കുടിശ്ശിക തീർക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34—മറ്റു ചെലവുകൾ

വിഹിതം : 1,25,000 രൂപ

72. അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-80—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എൻജിനീയറിംഗ് വിഭാഗം-മേൽനോട്ടം

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 1.72 ലക്ഷം രൂപ

73. വളരെയധികം മെഡിക്കൽ ബില്ലുകൾ പാസ്സാക്കേണ്ടതുകൊണ്ട് വിഹിതം 5 ലക്ഷം രൂപ ആയി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-3—ടെലഫോൺ ചെലവ്

വിഹിതം : 92,000 രൂപ

74. കെ.എസ്.ആർ.ഡി.ബി. (നിർത്തലാക്കിയത്) ഉപയോഗിച്ചു കൊണ്ടിരുന്ന രണ്ട് ടെലഫോൺ ബില്ലുകൾ കെ.എസ്.ആർ.ഡി.ബി.യുടെ ഫണ്ടിൽ നിന്നാണ് ഈടാക്കിയിരുന്നത്. ഇനിയും തുക വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിൽ നിന്നായതിനാൽ തുക 1,50,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വിഹിതം : 1,12,000 രൂപ

75. ചീഫ് എൻജിനീയറുടെ ആഫീസിൽ അത്യാവശ്യമായി മേശകളും അലമാരകളും വാങ്ങേണ്ടതുണ്ട്. കൂടാതെ വളരെയധികം കറസ്പോണ്ടൻസ് നടത്തുന്ന സ്ഥാപനമായതിനാൽ സ്റ്റാമ്പ് ഇനത്തിലും വളരെയധികം ചെലവ് ഉള്ളതിനാൽ വിഹിതം 3 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം : 1000 രൂപ

76. 10-11-2010-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിലേക്കായി 7.5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 34,000 രൂപ

77. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിന് ഉത്തരവായതിനാൽ അതിനുള്ള അറ്റകുറ്റപ്പണിചെലവും കൂടി കണക്കിലെടുത്ത് 75,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45—പി.ഒ.എൽ

വിഹിതം : 86,000 രൂപ

78. തദ്ദേശ സ്വയം ഭരണ വകുപ്പ് ഓഫീസിന് ഒരു പുതിയ വാഹനം വാങ്ങാൻ അനുമതി ലഭിച്ചിട്ടുള്ളതിനാൽ ആയതിലേക്ക് ആവശ്യമായി വരുന്ന ചെലവ് കണക്കിലെടുത്ത് വിഹിതം 1.5 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-81-12—സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ്

വിഹിതം : ഇല്ല

79. തദ്ദേശ സ്വയം ഭരണ എൻജിനീയറിംഗ് വിംഗിന്റെ ഫലപ്രദമായ നടത്തിപ്പിന് യോഗ്യരായ സർട്ടിഫിക്കറ്റ്, ഡിപ്ലോമധാരികളെ അപ്രന്റീസായി നിയമിക്കുന്നതിനും സ്റ്റൈപ്പന്റ് നൽകുന്നതിനും ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം ടി ശീർഷകത്തിലേക്ക് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-196-39— ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തുനടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ് പദ്ധതികൾ

വിഹിതം : 380 ലക്ഷം രൂപ (പ്ലാൻ)

80. ആർ.ഐ.ഡി.എഫ് XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലെ പ്രോജക്ടുകളാണ് നിലവിൽ നടപ്പാക്കിവരുന്നത്. നിർവ്വഹണം പുരോഗമിച്ചുവരുന്ന 53 പ്രോജക്ടുകളിലേക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ സാമ്പത്തിക വർഷം 620 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

2515-00-197-39— ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

വിഹിതം : 600 ലക്ഷം രൂപ (പ്ലാൻ)

81. സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആർ.ഐ.ഡി.എഫ് XI മുതൽ XVI വരെയുള്ള ട്രാൻഷെകളിലായി അനുവദിച്ചിരിക്കുന്ന പ്രോജക്ടുകളിൽ 54 പ്രോജക്ടുകൾ നിലവിൽ നടപ്പാക്കിവരുന്നു. 2011-12 വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായമായി 1000 ലക്ഷം രൂപയെങ്കിലും നൽകേണ്ടി വരുമെന്ന് കണക്കാക്കുന്നതിനാൽ അധികമായി 400 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-198-37—നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-ഗ്രാമവികസന പദ്ധതി (വി.ഡി.പി)

വിഹിതം : 1000 രൂപ

82. 2009-10 വർഷത്തിലെ ആർ.ഐ.ഡി.എഫ് - XV -ൽ ഉൾപ്പെടുത്തി നബാർഡ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പൈലറ്റ് പദ്ധതിയാണ് ഗ്രാമവികസന പദ്ധതി. പദ്ധതി പുരോഗതി കൈവരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിന് ന്യൂ സർവ്വീസ് നടപടിക്രമം വഴി പുതുതായി അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ 300 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

4515-00-800-98-CRSP—പി.എം.ജി.എസ്.വൈ. പദ്ധതിക്കുള്ള സംസ്ഥാന ധനസഹായം

വിഹിതം : 13,05,00,000 രൂപ

83. PMGSY-യുടെ മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തിയാക്കുവാൻ 82 കോടി രൂപ കൂടി അധികമായി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ—XXXVI

## സാമൂഹ്യ വികസനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 351,29,13,000 രൂപ |
| | | (351,29,10,000 + 3000) |
| ചാർജ്ജ് ചെയ്തത് | : | ഇല്ല. |

2501-06-197-48-(01)—ഇന്ദിര ആവാസ് യോജന

വിഹിതം : 2420 ലക്ഷം രൂപ

75 % കേന്ദ്രസഹായവും 25 % സംസ്ഥാന വിഹിതവുമുള്ള ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന തുകയുടെ 60 % പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും 40 % മറ്റ് വിഭാഗക്കാർക്കും ആകെ തുകയുടെ 15 % മതന്യൂനപക്ഷ വിഭാഗങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് 3 % നീക്കിവയ്ക്കുന്നു. സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും രണ്ടുസെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള പിന്നോക്കാവസ്ഥയിലുള്ളവർക്കായി 25 ചതുരശ്ര മീറ്ററിനും 40 ചതുരശ്രമീറ്ററിനും ഇടയ്ക്ക് വിസ്തീർണ്ണമുള്ള ഭവനം നിർമ്മിക്കുന്നതിന് 2010-11 വർഷം മുതൽ തുക 48,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

84. പ്രസ്തുത തുക 75,000 രൂപയായി (സംസ്ഥാന വിഹിതം ഉയർന്ന പരിധിയിലാക്കി) ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2505-01-800-99—ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വിഹിതം : 30 കോടി രൂപ (സംസ്ഥാന വിഹിതം 10%)

85. സംസ്ഥാന വാർഷിക പ്രവൃത്തിയിൽ പ്ലാൻ (എ.എ.പി) അനുസരിച്ച് തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനും, പദ്ധതി ആനുകൂല്യം കാർഷിക മേഖല, ക്ഷീരമേഖല, നീർത്തടാധിഷ്ഠിത പദ്ധതികൾ എന്നിവയിലേക്ക് വ്യാപിപ്പിക്കുന്നതിനും ഈടുറ്റ സാമൂഹിക വികസന ആസ്തികൾ സൃഷ്ടിക്കുന്നതിലേക്കും അംഗീകരിച്ച ലേബർ ബഡ്ജറ്റിനേക്കാളും ചെലവു വരുന്ന സാഹചര്യത്തിൽ 30 കോടി രൂപ അപര്യാപ്തമായതിനാൽ 900 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2505-01-800-97—മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് സെൽ

വിഹിതം : 1000 രൂപ

86. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ എക്സ്പെർട്ട് കൺസൾട്ടന്റുമാരെയും ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺമാരേയും വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റർമാരേയും കണ്ടെത്തി പരിശീലിപ്പിക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ നേതൃത്വം നൽകുന്നതിലേക്കായി ചെലവിനത്തിൽ 82,99,600 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-102-61—സമ്പൂർണ്ണ ശുചിത്വയജ്ഞം

വിഹിതം : 4691.51 ലക്ഷം രൂപ (നാളിതുവരെ)

87. പുതുക്കിയ മാനദണ്ഡം അനുസരിച്ച് സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഓരോ ഘടകത്തിനും കേന്ദ്ര സംസ്ഥാന വിഹിതം വ്യത്യസ്ത നിരക്കിലാണ് നിജപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നിലവിലെ 75 : 25 എന്ന അനുപാതം ഒഴിവാക്കി 68 : 32 എന്ന അനുപാതം നിശ്ചയിക്കാനും നാളിതുവരെയുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 852.57 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-102-62—ബ്ലോക്ക് ഇൻഫർമേഷൻ സെന്റർ

88. ബ്ലോക്ക് ഓഫീസുകളിൽ സമഗ്രമായ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ച് അവ പഞ്ചായത്തുകളുടേയും ബ്ലോക്കുകളുടേയും ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായതരത്തിൽ തുടർച്ചയായി ലഭിക്കുന്നതിനാണ് ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളെ

സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇലക്ട്രോണിക് രീതിയിലാക്കി സൂക്ഷിക്കുവാൻ സഹായിക്കുന്നതും ടി സെന്ററുകളാണ്. ടി സെന്ററുകൾ പ്രവർത്തിക്കുവാനായി നൽകിയിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമാണ്. ആകയാൽ 30 ലക്ഷമെന്ന പദ്ധതി വിഹിതം ഒരു കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

89. 2011-12-ലെ ബഡ്ജറ്റിൽ താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ, പ്രസ്തുത ശീർഷകങ്ങളിൽ താഴെക്കാണും പ്രകാരം അധികം തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(രൂപ ലക്ഷത്തിൽ)

| ക്രമ.നം. | ശീർഷകം | വിഹിതം | അധികം ആവശ്യമായ തുക |
|---|---|---|---|
| 1. | 2515-00-001-50-01(4) (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 0.56 | 1.94 |
| 2. | 2515-00-001-50-04 (1) (യാത്രാബത്ത) | 3.64 | 2.50 |
| 3. | 2515-00-001-49-01 (4) (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 19.00 | 1.50 |
| 4. | 2515-00-001-49-04 (1) (യാത്രാബത്ത) | 21.00 | 1.00 |
| 5. | 2515-00-001-48-01 (4) (മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്) | 1.23 | 1.27 |
| 6. | 2515-00-001-48-04(1) (യാത്രാബത്ത) | 6.50 | 1.30 |
| 7. | 2515-00-102-89-01 (പ്രയുക്ത പോഷകാഹാര പരിപാടി) | 924.22 | 55.78 |
| 8. | 2515-00-102-85-04 (1) (യാത്രാബത്ത) | 0.14 | 0.86 |
| 9. | 2515-00-003-50-12 (സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും) | 35.00 | 37.58 |
| 10. | 2515-00-102-81-06 (വാടക, കരം, നികുതി) | 0.50 | 0.50 |
| 11. | 2515-00-102-49 (കേരംസ്) | 0.00 | 18.59 |

2515-00-800-48—കുടുംബശ്രീ

വിഹിതം : 45,00,00,000 (പ്ലാൻ)

90. ഭരണ നിർവ്വഹണം, സി. ഡി. എസ്. ആഡിറ്റ്, അക്കൗണ്ടിംഗ് സപ്പോർട്ട് എന്നിവ ഉൾപ്പെടുന്ന സംഘടനാ പ്രവർത്തനത്തിനും, ആശ്രയ, ബഡ്സ്, ബാലസഭ, പട്ടികവർഗ്ഗ വികസനം, കുട്ടികളുടെ കായിക ആരോഗ്യ പരിപാടി തുടങ്ങിയവ ഉൾക്കൊള്ളുന്ന സാമൂഹ്യ വികസന പരിപാടികൾക്കും മൈക്രോ ഫിനാൻസ്, മാച്ചിംഗ് ഗ്രാന്റ്, യുവശ്രീ, സമഗ്ര എന്നിവ നടപ്പാക്കുന്ന പ്രദേശിക വികസന പദ്ധതിക്കുംവേണ്ടി ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. പ്രസ്തുത പദ്ധതികൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനു പുറമേ മഹിള കിസാൻ ശാക്തീകരണ പരിയോജന പദ്ധതി കൂടി നടപ്പിലാക്കുന്നതിനായി 55 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

വിഹിതം : 25 കോടി രൂപ

കുടുംബശ്രീ മിഷന്റെ ഭവനശ്രീ പദ്ധതിപ്രകാരം വീട് നിർമ്മിക്കുന്നതിനായി ദേശസാൽകൃതബാങ്കുകളും, സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ നൽകിയിരുന്നു. ഇതിൽ ദേശസാൽകൃത ബാങ്കുകൾ നൽകിയ വായ്പ മാത്രം സർക്കാർ ഏറ്റെടുത്ത് വായ്പ തിരിച്ചടവ് നടത്തിവരുന്നത് സംബന്ധിച്ച് യോഗത്തിൽ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് സമിതി വിശദീകരണം ആരാഞ്ഞു.

കൊമേഴ്സ്യൽ ബാങ്കുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി എന്ന നിലയിലാണ് ഭവനശ്രീ പദ്ധതി നടപ്പിലാക്കിയതെന്നും എന്നാൽ ഈ പദ്ധതിയുടെ പരിധിയിൽപ്പെടാതെയാണ് സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും വായ്പ അനുവദിച്ചതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഭവനശ്രീ പദ്ധതി നടപ്പിലാക്കിയ സമയത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നുണ്ടെന്ന് സഹകരണ ബാങ്കുകളിൽ നിന്ന് അറിയിപ്പൊന്നും ലഭിച്ചിരുന്നില്ല എന്നും കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പ സർക്കാർ ഏറ്റെടുത്തതിനുശേഷമാണ് സഹകരണ ബാങ്കുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ നൽകിയ കാര്യം ശ്രദ്ധയിൽ വന്നതെന്നും ഉദ്യോഗസ്ഥൻ തുടർന്നറിയിച്ചു.

ചില ജില്ലകളിൽ പ്രത്യേകിച്ചും വടക്കൻ ജില്ലകളിൽ വളരെയധികം സഹകരണ ബാങ്കുകളും സഹകരണ സൊസൈറ്റികളും ഇതേ മാനദണ്ഡം പിൻതുടർന്ന് ഹൗസിംഗ് ലോണിനുവേണ്ടി ഭവനശ്രീയുടെ പേരിൽതന്നെ വായ്പ അനുവദിച്ചിട്ടുണ്ട്. കൂടാതെ ചില സ്ഥലങ്ങളിലെ പഞ്ചായത്തുകളിൽ കുടുംബശ്രീ മിഷന്റെ കീഴിൽ വരുന്ന അയൽക്കൂട്ടങ്ങളുടെ യൂണിറ്റുകൾക്ക് സഹകരണ ബാങ്കുകളിൽ മാത്രമേ അക്കൗണ്ടുള്ളു എന്നതുകൊണ്ട് നിരവധി ഗുണഭോക്താക്കൾ സഹകരണ ബാങ്കുകളിൽ നിന്നും ഈ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഇത്തരത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പാ തിരിച്ചടവ് നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് റിക്കവറി നോട്ടീസും ലഭിച്ചിരിക്കയാണെന്ന് സമിതി മനസ്സിലാക്കുന്നു.

91. ഭവനശ്രീ പദ്ധതിപ്രകാരം ദേശസാൽകൃത ബാങ്കുകൾ മുഖേന അനുവദിച്ചു നൽകിയ വായ്പ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കുകയും അതേ സമയം ഇതേ പദ്ധതിപ്രകാരം സഹകരണ ബാങ്കുകളിൽനിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കൾ വായ്പ തിരിച്ചടവിന്റെ ബാദ്ധ്യത തുടരുകയും ചെയ്യുന്നത് നീതികരിക്കാവുന്നതല്ല. ആയതിനാൽ, ഭവനശ്രീ പദ്ധതി പ്രകാരം സഹകരണബാങ്കുകളിൽ നിന്നും സഹകരണ സൊസൈറ്റികളിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് സർക്കാർ ഏറ്റെടുക്കണമെന്നും ഇതിന് മതിയായ തുക നടപ്പുവർഷം ബജറ്റിൽ വകകൊള്ളിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4515-00-103-99 (04)—സ്വരാജ് ഭവൻ നിർമ്മാണം-സജ്ജീകരിക്കൽ

വിഹിതം : 1 കോടി രൂപ

92. സ്വരാജ് ഭവൻ കെട്ടിട നിർമ്മാണ പ്രവർത്തനം കരാറുകാരൻ വളരെ കുറഞ്ഞ ടെൻഡർ എക്സസിൽ ചെയ്യുന്നതിനാൽ സമയബന്ധിതമായി തുക അനുവദിച്ചില്ലെങ്കിൽ പ്രവൃത്തി നിർത്തിവയ്ക്കാനിടയാകും. ഈ സാഹചര്യത്തിൽ 11.96 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### അധിക ശുപാർശ

PMGSY സ്കീം പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിലവിലുള്ള ബ്ലോക്കുതല സംവിധാനം പര്യാപ്തമല്ല. ആവശ്യമായ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടെങ്കിൽ മാത്രമേ ബ്ലോക്കുതല സംവിധാനം ശക്തിപ്പെടുത്തി പദ്ധതികൾക്ക് ലഭ്യമാകുന്ന ഫണ്ട് വേണ്ട വിധത്തിൽ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളു.

നിലവിൽ ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ബ്ലോക്കിന് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും എന്ന രീതിയിലാണ് വിന്യസിച്ചിരിക്കുന്നത്. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും ഓരോ ബ്ലോക്കിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും വീതം ആവശ്യമാണ്. ഇപ്രകാരം അറുപത്തിഅഞ്ച് ബ്ലോക്കുകൾക്ക് കൂടുതലായി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർ ആവശ്യമാണ്. കൂടാതെ 810 ഗ്രാമപഞ്ചായത്തുകൾക്ക് നാനൂറ്റിഅഞ്ച് അസിസ്റ്റന്റ് എഞ്ചിനീയർമാരും വേണം.

93. ബ്ലോക്ക്തലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 65 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാരുടെ തസ്തികയും 405 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമാണ്. ഇതിനുപുറമേ ഓരോ ബ്ലോക്കിനും ഓരോ അസിസ്റ്റന്റ് എഞ്ചിനീയർ വീതം 152 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയും ആവശ്യമായതിനാൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കണമെന്നും ഇതിലേക്കായി 39 കോടി രൂപ വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX*